# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂൺ 25

# വാർത്താക്കുറിപ്പ്

## പ്രോഗ്രാം അസോസിയേറ്റ് ഒഴിവ്; അപേക്ഷ ജൂൺ 27 വരെ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്-ടേം പ്രോഗ്രാംസിൽ (ഡി.എ.എസ്.പി.) പ്രോഗ്രാം അസോസിയേറ്റിന്റെ ഒഴിവുണ്ട്. കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. മാനവിക/സാമൂഹിക ശാസ്ത്ര/മാനേജ്മെന്റ് വിഷയങ്ങളിൽ ഏതിലെങ്കിലും ബിരുദാനന്തര ബിരുദവും അധ്യാപനത്തിലോ നൈപുണ്യ വികസനത്തിലോ രണ്ടുവർഷത്തിൽ കുറയാത്ത പരിചയമുള്ളവർക്ക് dasp@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ ബയോഡാറ്റ സഹിതം ജൂൺ 27 വരെ അപേക്ഷിക്കാം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2731066.

(പി.ആർ.ഒ/39/650/2020)

## അപേക്ഷ തീയതി

രണ്ടാം സെമസ്റ്റർ എം.ഫിൽ ഫിസിക്കൽ എജ്യൂക്കേഷൻ (2017 അഡ്മിഷൻ) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയത്തിനും വൈവാവോസിക്കും പിഴയില്ലാതെ ജൂലൈ ആറുവരെയും 525 രൂപ പിഴയോടെ ഏഴുവരെയും 1050 രൂപ സൂപ്പർഫൈനോടെ എട്ടുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/651/2020)

## പരീക്ഷഫലം

2019 ഡിസംബറിൽ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ടി.ടി.എം. (റഗുലർ, സപ്ലിമെന്ററി - സി.എസ്.എസ്. - 2019-2021 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/652/2020)

2018 നവംബറിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഗാന്ധിയൻ സ്റ്റഡീസ്, എം.എ. ഡെവലപ്മെന്റ് സ്റ്റഡീസ് (സി.എസ്.എസ്. 2016-2018 ബാച്ച്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/653/2020)

2019 ഡിസംബറിൽ നടന്ന ആറാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം, 2007-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2006ന് മുമ്പുള്ള അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/654/2020)

## നാലാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷ; അതത് ജില്ലയിൽ പരീക്ഷയെഴുതാൻ അപേക്ഷിക്കാം

ജൂലൈ 10ന് ആരംഭിക്കുന്ന മഹാത്മാഗാന്ധി സർവകലാശാല നാലാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി., ബി.കോം. എൽ.എൽ.ബി., ബി.ബി.എ. എൽ.എൽ.ബി. വിദ്യാർഥികൾക്ക് അവർ താമസിക്കുന്ന ജില്ലയിൽ പ്രത്യേക പരീക്ഷകേന്ദ്രത്തിൽ പരീക്ഷയെഴുതുന്നതിന് അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ പഠിക്കുന്ന കോളേജിലെ പ്രിൻസിപ്പലിനാണ് അപേക്ഷ നൽകേണ്ടത്. പ്രിൻസിപ്പൽ അപേക്ഷകൾ ക്രോഡീകരിച്ച് വിവരങ്ങൾ ar22exam@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ ജൂൺ 27ന് വൈകീട്ട് അഞ്ചിനകം നൽകണം. ക്രോഡീകരിച്ച് നൽകേണ്ട മാതൃക വെബ്സൈറ്റിൽ ലഭ്യമാണ്. സപ്ലിമെന്ററി പരീക്ഷയെഴുതുന്നവർ പേര്, റഗുലർ രജിസ്റ്റർ നമ്പർ, മുമ്പ് പരീക്ഷയെഴുതിയ കേന്ദ്രം, നിലവിൽ പരീക്ഷയെഴുതുന്ന വിഷയങ്ങൾ, നിലവിൽ പരീക്ഷയെഴുതാൻ തെരഞ്ഞെടുക്കുന്ന കേന്ദ്രം എന്നിവയടക്കമുള്ള അപേക്ഷ ar22exam@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ ജൂൺ 27 വൈകീട്ട് അഞ്ചിനകം നൽകണം. സർവകലാശാലയുടെ അധികാര പരിധിയിലുള്ള ഏത് ലോ കോളേജും വിദ്യാർഥികൾക്ക്

പരീക്ഷകേന്ദ്രമായി തെരഞ്ഞെടുക്കാം. മറ്റ് ജില്ലകളിൽ ഓരോ പരീക്ഷകേന്ദ്രം എന്ന നിലയിൽ ക്രമീകരിച്ചിട്ടുണ്ട്. സർവകലാശാലയുടെ അധികാരപരിധിയിലുള്ള ലോ കോളേജുകളുടെ പട്ടിക ചുവടെ.

എറണാകുളം ജില്ല: എറണാകുളം ഗവൺമെന്റ് ലോ കോളേജ്, പൂത്തോട്ട എസ്.എൻ. കോളേജ്, ആലുവ ഭാരതമാത സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്. ഇടുക്കി: തൊടുപുഴ അൽ അസ്ഹർ ലോ കോളേജ്, തൊടുപുഴ കോ-ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ. കോട്ടയം: കാണക്കാരി സി.എസ്.ഐ. കോളേജ് ഫോർ ലീഗൽ സ്റ്റഡീസ്. പത്തനംതിട്ട: മൗണ്ട് സിയോൺ ലോ കോളേജ്. മറ്റ് ജില്ലകളിലെ പരീക്ഷ കേന്ദ്രങ്ങൾ ചുവടെ.

തിരുവനന്തപുരം: യൂണിവേഴ്സിറ്റി കോളേജ്. കൊല്ലം: ചവറ ഗവൺമെന്റ് കോളേജ്. ആലപ്പുഴ: ചമ്പക്കുളം ഫാ. പോരുകര സി.എം.ഐ. കോളേജ്. തൃശ്ശൂർ: ഗവൺമെന്റ് ബി.എഡ്. ട്രെയിനിംഗ് കോളേജ്. പാലക്കാട്: വിക്ടോറിയ കോളജ് മലപ്പുറം: മലപ്പുറം ഗവൺമെന്റ് കോളേജ്. കോഴിക്കോട്: മീഞ്ചന്ത ഗവൺമെന്റ് കോളേജ്. വയനാട്: കൽപ്പറ്റ ഗവൺമെന്റ് കോളേജ്. കണ്ണൂർ: വി.കെ.കെ.എം. വിമൺസ് കോളേജ്. കാസർഗോഡ്: കാസർഗോഡ് ഗവൺമെന്റ് കോളേജ്.

(പി.ആർ.ഒ/39/655/2020)

## എം.ജി.യിൽ കർശന സന്ദർശക നിയന്ത്രണം;
## പ്രവേശനം സർവകലാശാല അറിയിപ്പ് ലഭിച്ചവർക്ക് മാത്രം

കൊവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ കർശന സന്ദർശക നിയന്ത്രണം ഏർപ്പെടുത്തി. ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്കും വിവിധ ആവശ്യങ്ങൾക്കും സർവകലാശാലയിൽ നിന്ന് അറിയിപ്പ് നൽകിയവർക്ക് മാത്രമേ പ്രവേശനം നൽകൂ. മറ്റ് സന്ദർശകരെ അനുവദിക്കില്ല. സർവകലാശാലയുടെ വിവിധ സേവനങ്ങൾ ഓൺലൈനായി ഉപയോഗപ്പെടുത്തണമെന്ന് രജിസ്ട്രാർ അറിയിച്ചു. ഓൺലൈനായി ലഭ്യമാകാത്തവയുള്ള അപേക്ഷകൾ ഇമെയിലായി (ഭരണവിഭാഗം: generaltapaladmn@mgu.ac.in, പരീക്ഷ വിഭാഗം: tapal1@mgu.ac.in) നൽകാവുന്നതാണ്.

(പി.ആർ.ഒ/39/656/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ